# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 6053

02.04.2018 ലെ മറുപടിയ്ക്ക്

## നൂറനാട് സബ്ട്രഷറിക്ക് ചുറ്റുമതിൽ കെട്ടുന്നതിനുള്ള തുക

**ചോദ്യം**

ശ്രീ.ആർ. രാജേഷ്

**ഉത്തരം**

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | നൂറനാട് സബ്ട്രഷറിയിൽ ആവശ്യമായ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | നൂറനാട് സബ് ട്രഷറിയിൽ നിലവിൽ 1 സബ് ട്രഷറി ഓഫീസർ, 1 ജൂനിയർ സൂപ്രണ്ട്, 5 അക്കൗണ്ടന്റ്, 1 ട്രഷറർ, 2 ഓഫീസ് അറ്റൻഡന്റ് എന്ന നിലയിലാണ് സ്റ്റാഫ് പാറ്റേൺ. പ്രസ്തുത ട്രഷറിയിലെ ജൂനിയർ സൂപ്രണ്ട് 28/02/2018 ൽ സർവ്വീസിൽ നിന്നും വിരമിച്ചതുമൂലം ഈ തസ്തികയിൽ ഒഴിവ് വന്നിട്ടുണ്ട്. ഈ ഒഴിവിലേക്ക് പുതിയ ജൂനിയർ സൂപ്രണ്ടിനെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നൂറനാട് സബ്ട്രഷറിയുടെ പുതിയ കെട്ടിടത്തിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള തുക അനുവദിച്ച് ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുമോ; വ്യക്തമാക്കുമോ? | നൂറനാട് സബ് ട്രഷറിക്ക് വേണ്ടി പണിത പുതിയ കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്സ് ഡിവിഷൻ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വർക്ക് ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകുന്നതിനും എസ്റ്റിമേറ്റ് തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തു നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ